# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ഫെബ്രുവരി 6, ബുധൻ

**നമ്പർ 159**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 29-1-2019-ലെ നക്ഷത്രചിഹ്നമിടാത്ത 691- ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം:

സംസ്ഥാനത്ത് തൊണ്ടിന്റെ അതിരൂക്ഷമായ ദൗർലഭ്യം കാരണം കേരളത്തിലെ കയർ മേഖല നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ പ്രതിസന്ധി സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അടൂർ പ്രകാശും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) മലയോരകർഷകർക്ക് അടിയന്തരമായി പട്ടയം നൽകേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. രാജൻ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 302/2019(i).

(2) വിലതകർച്ചമൂലം പ്രതിസന്ധിനേരിടുന്ന റബ്ബർ കർഷകരെ സഹായിക്കാൻ പ്രത്യേക കാർഷിക പാക്കേജ് ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മോൻസ് ജോസഫ് കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥി വൈഷ്ണവിന്റെ ആത്മഹത്യ | മുഖ്യമന്ത്രി |
| 2 | ശ്രീ. ജെയിംസ് മാത്യു | തളിപ്പറമ്പിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. മുല്ലക്കര രത്നാകരൻ | സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള വ്യക്തിഹത്യതടയുന്നതിനുള്ള നിയമനിർമ്മാണം | മുഖ്യമന്ത്രി |
| 4 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ട്രാവൻകൂർ റയോൺസിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂരിൽ ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. ചിറ്റയം ഗോപകുമാർ | ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. എ. എൻ. ഷംസീർ | ട്യൂമർ ബോർഡ് രൂപീകരിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. പാറക്കൽ അബ്ദുല്ല | ക്യാൻസർ രോഗനിർണ്ണയം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. കൃഷ്ണൻ | പരമ്പരാഗത ചികിത്സാമേഖലയിലെ സംരക്ഷണം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. റോജി എം. ജോൺ | കാലടി സമാന്തര പാലവും അങ്കമാലി ബൈപാസും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട്.

(2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ 81 മുതൽ 86 വരെയുള്ള റിപ്പോർട്ടുകൾ.

<u>ധനകാര്യം:</u>

2019-2020 സാമ്പത്തികവർഷത്തിലേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച തുടർന്നു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. സി. എഫ്. തോമസ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. പി. സി. ജോർജ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. രാജു എബ്രഹാം

ശ്രീ. രമേശ് ചെന്നിത്തല-പ്രതിപക്ഷനേതാവ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറഞ്ഞു.

ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം:

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു:

"2019-2020 സാമ്പത്തികവർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്തസമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

പ്രസ്തുത ദിവസത്തെ കാര്യവിവരപട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ഗവൺമെന്റ് പ്രമേയം മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കുന്നതായി സ്പീക്കർ സഭയെ അറിയിച്ചു

2019 ഫെബ്രുവരി 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.17-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

Fourteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, February 6, 2019*

**No. 159**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question:*

Statement correcting answer and the corrected answer to Unstarred Question No. 691 dated 29-1-2019 of the Fourteenth Session of the Fourteenth Kerala Legislative Assembly was laid on the Table by Shri Kadakampally Surendran, the Minister for Co-operation, Tourism and Devaswoms.

*Adjournment Motion:*

After hearing the Minister for Finance and Coir, the Speaker withheld consent to the moving of an adjournment motion given notice of by Shri Adoor Prakash and three other Members regarding the serious crisis reported to have arisen in the Coir Sector of Kerala, due to the acute scarcity of coconut husk.

In protest against the attitude of the Government in the matter the opposition members staged a walkout.

*Calling Attention:*

1. Shri K. Rajan called the attention of the Minister for Revenue and Housing to the necessity to take steps to issue the title deeds to the farmers of hill area in the state. The Minister made a statement thereto.

KNPP. 302/2019(ii).

2. Shri Mons Joseph called the attention of the Minister for Agriculture to the necessity to formulate a special package to redress the crisis faced by the rubber growers in the State consequent on the fall in price. The Minister made a statement thereto.

*Matters raised by Members under Rule 304:*

The Matters raised in the house by members under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥി വൈഷ്ണവിന്റെ ആത്മഹത്യ | മുഖ്യമന്ത്രി |
| 2 | ശ്രീ. ജെയിംസ് മാത്യു | തളിപ്പറമ്പിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. മുല്ലക്കര രത്നാകരൻ | സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള വ്യക്തിഹത്യതടയുന്നതിനുള്ള നിയമനിർമ്മാണം | മുഖ്യമന്ത്രി |
| 4 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ട്രാവൻകൂർ റയോൺസിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂരിൽ ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. ചിറ്റയം ഗോപകുമാർ | ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. എ. എൻ. ഷംസീർ | ട്യൂമർ ബോർഡ് രൂപീകരിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. പാറക്കൽ അബ്ദുല്ല | ക്യാൻസർ രോഗനിർണ്ണയം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. കൃഷ്ണൻ | പരമ്പരാഗത ചികിത്സാമേഖലയിലെ സംരക്ഷണം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. റോജി എം. ജോൺ | കാലടി സമാന്തര പാലവും അങ്കമാലി ബൈപാസും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The Following reports were presented:

(1) The Report of the Subject Committee XI on the Kerala Co-operative Societies (Amendment) Bill 2019.

(2) The 81st to 86th Reports of the Committee on Public Undertakings.

*Financial Business:*

General discussions on the budget for the financial year 2019-2020 was resumed. The following Members also took part in the discussion:

Shri T. V. Rajesh

Shri Anwar Sadath

Shri C. F. Thomas

Shri G. S. Jayalal

Shri Abdul Hameed. P.

shri Murali Perunelly

Shri P. C. George

Shri Anoop Jacob

Shri E. K. Vijayan

Shri N. A. Nellikkunnu

Shri Raju Abraham

Shri Ramesh Chennithala-Leader of Opposition.

Dr. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion.

*Motion for Suspension of Rule:*

The following motion moved by Shri A. K. Balan, Minister for Welfare of Scheduled Castes and Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs was adopted by the House.

"2019-2020 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്റ്റ് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്റ്റ് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്തസമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

Speaker informed the House that the Government Resolution included in the List of Business has been postponed to another day.

The House adjourned at 3.17 p.m. to meet again at 9.00 a.m on Thursday, February 7, 2019.

V. K. BABU PRAKASH
*Secretary.*